ബഹുമാനപ്പെട്ട അംഗങ്ങളെ,

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ ബഹുമാന്യനായ പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ബ്ലോക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ഗ്രാമപഞ്ചായത്ത് വികസനകാര്യ, ക്ഷേമകാര്യ, ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് , ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ, മറ്റ് ജീവനക്കാർ, സി.ഡി.എസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ തുടങ്ങിയ എല്ലാവരെയും 2026-27 ബജറ്റ് അവതരണത്തിനുള്ള ഈ പ്രത്യേഗ യോഗത്തിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

പരിമിതമായ സൗകര്യങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശത്തോടെയാണ് 2026-27 വർഷത്തെ ബജറ്റ് നിങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കുന്നത്. നമ്മുടെ പഞ്ചായത്തിന്റെ വരാനിരിക്കുന്ന സാമ്പത്തിക വർഷത്തെ വികസന രേഖയായ ബജറ്റ് അവതരിപ്പിക്കാൻ ലഭിച്ച ഈ അവസരത്തെ ആദരവോടെ കാണുന്നു. ജനങ്ങളുടെ ആവശ്യങ്ങളും നാടിന്റെ പുരോഗതിയും മുൻനിർത്തി തയ്യാറാക്കിയ ഈ ബജറ്റ് കേവലം ഒരു വരവ് ചിലവ് കണക്കല്ല, മറിച്ച് നമ്മുടെ പഞ്ചായത്തിന്റെ വരുംകാല വളർച്ചക്ക് വ്യക്തമായ വഴികാട്ടിയാണ്.

പ്രധാനമായും കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യവും, ടൂറിസവും, സാമൂഹിക ക്ഷേമം തുടങ്ങിയ മേഖലകളിലാണല്ലോ ഒരു പഞ്ചായത്തിന്റെ സ്ഥായിയായ വികസനം സാധ്യമാക്കേണ്ടത്.

സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗത്തിന്റേയും വളർച്ച ലക്ഷ്യം വയ്ക്കുന്ന പദ്ധതികൾക്കാണ് ഇക്കുറി നാം പ്രാമുഖ്യം നൽകിയിട്ടുള്ളത്. അക്കാര്യത്തിൽ നമ്മുടെ രാഷ്ട്രപിതാവിന്റെ മാതൃക പിൻപറ്റാൻ പഞ്ചായത്ത് ഭരണസമിതി അതിന്റെ പദ്ധതി ആസൂത്രണത്തിൽ അത്യധികം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.കാർഷികമേഖലയുടെ പുരോഗതി, ദാരിദ്രനിർമാർജനം, ഭവനനിർമ്മാണപദ്ധതി, ആരോഗ്യവിദ്യാഭ്യാസ

മേഖലയിലെ പദ്ധതികൾ, പ്രാദേശിക വികസനത്തിനായുള്ള വിവിധ പദ്ധതികൾ, കുടിവെള്ള പ്രശ്ന പരിഹാരവും റോഡ് വികസനവും, ടൂറിസം മേഖലയുടെ വികസനത്തിനായുള്ള വിനോദസഞ്ചാരികളെ ആകർഷിക്കത്തക്ക വിധത്തിലുള്ള വിവിധ പദ്ധതികൾ തുടങ്ങി എല്ലാ മേഖലകളെയും സ്പർശിച്ചുകൊണ്ടുള്ള പദ്ധതിക്കാണ് രൂപം നൽകിയിരിക്കുന്നത്. പൊതു ജനങ്ങളുടെ സഹകരണവും ഒപ്പം സഹായവും പല പദ്ധതികൾക്കും ആവശ്യമായി വരുന്നുണ്ട്. സർക്കാർ സഹായം കൊണ്ട് മാത്രമല്ല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. പ്രാദേശിക വിഭവ സമാഹരണവും നമ്മുടെ നാടിന്റെ വികസനത്തിന് അനിവാര്യമാണ്.

സമീപകാലത്ത് വിനോദ സഞ്ചാര രംഗത്ത് നമ്മുടെ നാടിനുണ്ടായ മുന്നേറ്റം ചെറുതല്ല. ആനച്ചാൽ ഈട്ടിസിറ്റി, ചെങ്കുളം, എല്ലക്കൽ, തോക്കുപാറ മേഖലകളിൽ അതിന്റെ സ്വാധീനം ഉണ്ടായിട്ടുണ്ട്. ടൂറിസം രംഗത്ത് അനന്ത സാധ്യതകൾ ഇനിയും ഉപയോഗപ്പെടുത്തുവാൻ ഉണ്ടെന്നും മറക്കുന്നില്ല. വെള്ളത്തൂവൽ അടക്കം പഞ്ചായത്തിൻറെ മുഴുവൻ പ്രദേശങ്ങളിലും ടൂറിസത്തിൻറെ സാധ്യത പ്രയോജനപ്പെടുത്തുവാൻ നമുക്ക് കഴിയണം. അതിലൂടെ തൊഴിലിൽ രംഗം പുഷ്ടിപ്പെടുത്താനും സാധാരണ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാനും നമുക്ക് സാധിക്കണം

ചുരുക്കത്തിൽ, ദുർബല വിഭാഗങ്ങൾക്കും, മധ്യവർഗത്തിനും പരമാവധി പ്രയോജനം ലഭിക്കുവാൻ ശ്രമിച്ചിട്ടുള്ള ബജറ്റ് ആണ് ഇത് എന്ന് സവിനയം അറിയിച്ചുകൊള്ളട്ടേ.

ധനസമാഹരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, കെട്ടിട നമ്പർ ഉണ്ടായിട്ടും നികുതി ഈടാക്കാത്ത കെട്ടിടങ്ങൾക്ക് നികുതി അടയ്ക്കുവാനുള്ള സംവിധാനവും, അതോടൊപ്പം നിലവിലുള്ള കെട്ടിടങ്ങളുടെ അളവുകൾ വ്യത്യാസം വന്നിട്ടുള്ളവയിൽ അളവ് തിട്ടപ്പെടുത്തുവാനും അതു വഴി  തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വിനോദനികുതി ഇനത്തിൽ കൂടുതൽ തുക സമാഹരിക്കുന്നതിനും നമുക്ക് സാധിക്കുന്നതാണ്.

ആരോഗ്യ മേഖലയിൽ, നിലവിലുള്ള കുടുംബാരോഗ്യ കേന്ദ്രം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 14000000 ( ഒരു കോടി 40 ലക്ഷം) സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ(കേന്ദ്രഫണ്ട്) കൂടെ പഞ്ചായത്ത് ഫണ്ട് കൂടി വകയിരുത്തി പുതിയ കുടുംബാരോഗ്യ കേന്ദ്രത്തിന് കെട്ടിടവും, അതോടൊപ്പം സൌന്ദര്യവത്കരണവും, കൂടാതെ ഹോമിയോ ഡിസ്പെൻസറി, ആയുർവ്വേദ ഡിസ്പെൻസറി എന്നിവയ്ക്കും അടിസ്ഥാന സൌകര്യവികസനത്തിനും ഈ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി വയോജനങ്ങൾക്ക് പകൽ വീട് നിർമ്മാണവും, സ്ത്രീകൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭങ്ങളും, കുട്ടികൾക്കും, യുവജനങ്ങൾക്കും കളിക്കളം എന്നിവ എല്ലാം ഉൾപ്പെടുത്തിയാണ് ഇത്തവണത്തെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

കർഷകർക്കായി കാർഷിക നേഴ്സറി, തേൻ ഗ്രാമം പദ്ധതി, ജൈവവളനിർമ്മാണ യൂണിറ്റും ജൈവവള വിതരണവും അടക്കം നിരവധി പദ്ധതികളും, നെൽ കർഷകർക്ക് കൂലി ചെലവ് നൽകുന്നതിനുള്ള പദ്ധതിയും ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നു.

ഇങ്ങനെ വിവിധ തലങ്ങളിൽ നിരവധി പദ്ധതികൾക്കാണ് 2026-2027 സാമ്പത്തികവർഷം നമ്മുടെ ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടുള്ളത്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന മുഴുവൻ സേവനങ്ങളും ഡിജിറ്റലൈസ് ചെയ്തുകൊണ്ട് പൊതുജനങ്ങൾക്ക് വിരൽത്തുമ്പിൽ സേവനം ലഭിക്കുന്ന തരത്തിൽ കെ സ്മാർട്ട് സംവിധാനം നടപ്പിലാക്കിയിട്ടുള്ളതാണ്.

ഇത്തരുണത്തിൽ 2026-2027 സാമ്പത്തികവർഷത്തെ നമ്മുടെ വാർഷിക ബഡ്ജറ്റ് ഭരണസമിതിയുടെ സജീവമായ ചർച്ചക്കും അഗങ്ങളുടെ നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു.

എന്ന്
ജാസ്മി അമാൻ
വൈസ് പ്രസിഡന്റ്

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിലെ വകയിരുത്തലുകളും ചെലവും സംബന്ധിച്ച സംക്ഷിപ്ത രൂപം ഇതോടൊപ്പം അവതരിപ്പിക്കുന്നു.

2026-27 സാമ്പത്തിക വർഷത്തേക്ക് പദ്ധതി ചെലവുകൾക്കായി സംസ്ഥാന ബജറ്റിൽ നിന്നും അനുവദിച്ചിരിക്കുന്ന ജനറൽ വിഭാഗം ഫണ്ട് **34500000 /- മൂന്ന് കോടി നാൽപ്പത്തി അഞ്ച് ലക്ഷം രൂപ)** രൂപയും ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് 3827200/- ( **മുപ്പത്തി എട്ട് ലക്ഷത്തി ഇരുപത്തി എഴായിരത്തി ഇരുന്നൂറ് രൂപ)** രൂപയും ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് **5740800/- ( അമ്പത്തി എഴ് ലക്ഷത്തി നാൽപതിനായിരത്തി എണ്ണൂറ് രൂപ)** രൂപയും പട്ടിക ജാതി വിഭാഗത്തിൽ 5234000/- (**അൻപത്തി രണ്ട് ലക്ഷത്തി മുപ്പത്തി നാലായിരം)** രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിൽ **457000/- (നാല് ലക്ഷത്തി അൻപത്തി എഴായിരം രൂപ)** രൂപയും തനത് ഫണ്ടിനത്തിൽ(ബഹു വർഷ പദ്ധതിയായ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഉൾപ്പെടെ) 55450000/- (അഞ്ച് കോടി അൻപത്തി നാല് ലക്ഷത്തി അൻപതിനായിരം രൂപ) രൂപയും ചേർന്ന് ആകെ പദ്ധതി വിഹിതം **105209000/-(പത്ത് കോടി അൻപത്തിരണ്ട് ലക്ഷത്തി ഒൻപതിനായിരം രൂപ)** രൂപയാണ് വിവിധ പദ്ധതികൾക്കായുള്ള വകയിരുത്തലുകൾ.

മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ റോഡ് വിഭാഗം **27390000/-(രണ്ടുകോടി എഴുപത്തി മുന്ന് ലക്ഷത്തി തൊണ്ണുറായിരം രൂപ)** രൂപയും **നോൺ റോഡ്** വിഭാഗത്തിൽ **9592000/-(തൊണ്ണുറ്റി അഞ്ച് ലക്ഷത്തി തൊണ്ണുറ്റി രണ്ടായിരം രൂപ)** രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ തൊഴിലുറപ്പ് പദ്ധതിക്കായി ആക്ഷൻ പ്ലാൻ പ്രകാരം **96155250/- ( ഒൻപത് കോടി അറുപത്തി ഒന്ന് ലക്ഷത്തി**

**അൻപത്തി അയ്യായിരത്തി ഇരുന്നൂറ്റി അൻപത് രൂപ)** രൂപയും വിവിധ സംയുക്ത പദ്ധതികൾക്കായി **ജില്ലാപഞ്ചായത്ത്** വിഹിതമായി **54,00000/-(അൻപത്തി നാല് ലക്ഷം രൂപ)** രൂപയും **ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 50,00000/-(അൻപത് ലക്ഷം രൂപ)** രൂപയും **ശുചിത്വ മിഷനിൽ**നിന്ന് **2000000/- ( ഇരുപത് ലക്ഷം രൂപ)** രൂപയും **ഐ സിഡി എസ് കേന്ദ്രവിഹിത**ം 2000000/- **(ഇരുപത് ലക്ഷം രൂപ)** രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ എം എൽ എ/എം പി ഫണ്ടിനത്തിൽ നിന്നുള്ള ധനസഹായവും പ്രതീക്ഷിക്കുന്നു.

**ഉൽപാദന മേഖല**യിൽ റവന്യു ചെലവുകൾക്കായി **13125000/-( ഒരു കോടി മുപ്പത്തി ഒന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ)** രൂപയും **സേവന മേഖല**യിൽ **51625000/-( അഞ്ച് കോടി പതിനാറ് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ)** രൂപയും **പശ്ചാത്തല മേഖല**യിൽ **47915000/- ( നാല് കോടി എഴുപത്തി ഒൻപത് ലക്ഷത്തി പതിനയ്യായിരം രൂപ)** രൂപയും വകയിരുത്തുന്നു.

## 2026-27 സാമ്പത്തിക വർഷത്തേക്കുള്ള പ്രധാനപ്പെട്ട പദ്ധതികൾ

| | |
|---|---|
| ഭവന നിർമ്മാണം | 549 ലക്ഷം(ലോൺ തുക ഉൾപ്പടെ) |
| റോഡ് സംരക്ഷണം | 273.9 ലക്ഷം |
| ആസ്തി സംരക്ഷണം (ഘടകസ്ഥാപനങ്ങളുടെ പുനരുദ്ധാരണം) | 95.92 ലക്ഷം |
| വിവിധ ഫുട് സ്റ്റെപ്പ് നിർമ്മാണം | 44.5 ലക്ഷം |

**കൃഷി/ മൃഗ സംരക്ഷണം — 88 ലക്ഷം**

| | |
|---|---|
| കാർഷിക നഴ്സറി | 10ലക്ഷം |
| ജൈവവള വിതരണം | 22 ലക്ഷം |
| ജൈവകീടിനാശിനി | 3 ലക്ഷം |
| തുരിശ് സി ഓസി വിതരണം | 5 ലക്ഷം |
| ജൈവവളയൂണിറ്റ് | 10 ലക്ഷം |
| പമ്പ് സെറ്റ് വിതരണം | 5 ലക്ഷം |
| വന്യമൃഗശല്യം വേലി നിർമ്മാണം | 10 ലക്ഷം |
| പുഷ്പകൃഷി | 1 ലക്ഷം |
| കൌലിഫ്റ്റ് | 2 ലക്ഷം |
| കരിങ്കോഴി | 5ലക്ഷം |
| കാലിത്തീറ്റ വിതരണം | 5 ലക്ഷം |
| പശുക്കൾക്ക് ഫ്ലോർ മാറ്റ് | 2 ലക്ഷം |
| ധാതുലവണ മിശ്രിതം | 1 ലക്ഷം |
| ഉപകേന്ദ്രങ്ങളുടെ മെയിൻറൻസ് | 2 ലക്ഷം |
| മൃഗാശുപത്രി മെയിൻറൻസ് | 1 ലക്ഷം |
| എ ബി സി പ്രോഗ്രാം | 4 ലക്ഷം |

*(ഗുണഭോക്തൃവിഹിതം ഉൾപ്പെടെ ഒന്നേകാൽ കോടിയിൽ അധികം തുകക്കുള്ള പദ്ധതികൾ)

**ശുചിത്വം മാലിന്യസംസ്കരണം — 66.2ലക്ഷം**

വിവിധ കുടിവെള്ളപദ്ധതികൾ — 47.15 ലക്ഷം

**<u>തൊഴിലുറപ്പ് പദ്ധതി 961.55 ലക്ഷം</u>**

**പരമ്പരാഗതജലസ്രോതസ്സുകളുടെ പുനരുദ്ധാരണം**
**നീർത്തടപരിപാലനം**
**മണ്ണ് , ജലസംരക്ഷണം**
**വ്യക്തിഗത ആസ്തികളുടെ നിർമ്മാണം**
**ഗ്രാമീണ ശുചിത്വം**
**ദുരന്ത പ്രതിരോധ പ്രവർത്തനം**
**ഗ്രാമീണ ഗതാഗത സൌകര്യം**
**ജലസേചനം**
**ഭൂവികസനം**
**ഗ്രാമീണ റോഡുകളുടെ അടിസ്ഥാനവികസനം തുടങ്ങിയ മേഘലകൾക്കായുള്ള പദ്ധതികൾ ആണ് തൊഴിലുറപ്പ് പദ്ധതി 2026-2027 ആക്ഷൻ പ്ലാൻ പ്രകാരം ഏറ്റെടുത്തിട്ടുള്ളത്.**

| | |
|---|---|
| **സ്പോർട്സ് യുവജനക്ഷേമം** | **5 ലക്ഷം** |
| വനിതക്ഷേമ പദ്ധതികൾ | 43.45 ലക്ഷം |
| കുട്ടികൾക്കായുള്ള പദ്ധതികൾ | 15.25 ലക്ഷം |
| വയോജനങ്ങളുടെ ക്ഷേമം | 31 ലക്ഷം |

**<u>പട്ടികജാതി വികസനം 52.34 ലക്ഷം</u>**

| | |
|---|---|
| വീട് മെയിൻറൻസ് | 15 ലക്ഷം |
| പട്ടികജാതി കുട്ടികൾക്ക് പഠനോപകരണം | 5ലക്ഷം |
| പട്ടികജാതി കുട്ടികൾക്ക് സ്കോളർഷിപ്പ് | 6.84 ലക്ഷം |
| പട്ടികജാതി കുട്ടികൾക്ക് പഠനമുറി | 16 ലക്ഷം |
| വിവാഹധനസഹായം | 3 ലക്ഷം |
| സോളാർ സ്ട്രീറ്റ് ലൈറ്റ് | 2.5 ലക്ഷം |
| സ്വയം തൊഴിൽ | 2 ലക്ഷം |
| കുടിവെള്ള പദ്ധതികൾ | 2 ലക്ഷം |

## പട്ടിക വർഗ്ഗം 4.57 ലക്ഷം

| | |
|---|---|
| പട്ടികജാതി കുട്ടികൾക്ക് പഠനോപകരണം | 0.5ലക്ഷം |
| പട്ടികജാതി കുട്ടികൾക്ക് സ്കോളർഷിപ്പ് | 1 ലക്ഷം |
| പട്ടികജാതി കുട്ടികൾക്ക് പഠനമുറി | 2 ലക്ഷം |
| ഉന്നതിയിൽ ഫുഡ് കിറ്റ് | 1.07 ലക്ഷം |

| | |
|---|---|
| അങ്കണവാടി അനുബന്ധ പ്രവർത്തനങ്ങൾ | 50 ലക്ഷം |
| സാമൂഹിക സുരക്ഷിതത്വ പെൻഷൻ | 800 ലക്ഷം |
| തെരുവുവിളക്ക് പരിപാലനം | 5 ലക്ഷം |

## ടൂറിസം 37 ലക്ഷം

| | |
|---|---|
| ചുനയമ്മാക്കൽ വാട്ടർഫാൾസ് പൂന്തോട്ടം നിർമ്മാണം | 5 ലക്ഷം |
| തോട്ടാപ്പുരതുരങ്കം നവീകരണം | 2 ലക്ഷം |
| ചെങ്കുളം എൽ പി എസ് പാർക്ക് നിർമ്മാണം | 10 ലക്ഷം |
| എൽക്കുന്ന് വാച്ച് ടവർ | 15 ലക്ഷം |
| ആനച്ചാൽ മുതുവാൻകുടി റോഡ് സൌന്ദര്യവത്കരണം | 5 ലക്ഷം |

വെള്ളത്തൂവൽ , കല്ലാർകുട്ടി, ചെങ്കുളം ഉൾപ്പടെയുള്ള പ്രദേശങ്ങളിലെ ഹൈഡൽ പദ്ധതികൾ, എക്കോ ടൂറിസം പദ്ധതികൾ, ഫാം ടൂറിസം , ഡെസ്റ്റനേഷൻ ചലഞ്ച് തുടങ്ങിയ പദ്ധതികൾക്ക് സംസ്ഥാന സർക്കാരിൽ നിന്നുള്ള സഹായധനം പ്രതീക്ഷിക്കുന്നു.

# VELLATHOOVAL GRAMA PANCHAYAT

| Form 1 | | | | |
|---|---|---|---|---|
| **2026-2027 NEW BUDGET** | | | | |
| SL NO | HEAD OF ACCOUNTS | | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
| | **Opening Balance** | | **48883816** | **7471617** |
| | **Revenue Receipt - 1** | | | |
| | **Tax Revenues - 110** | | | |
| 1 | 1100101 Property Tax (General) | വസ്തു നികുതി | 15000000 | 16000000 |
| 2 | 1101001 Profession Tax – Employees | തൊഴിൽ നികുതി - ജീവനക്കാർ | 3600000 | 3780000 |
| 3 | 1108099 Other Taxes | മറ്റ് നികുതികൾ | 54000 | 60000 |
| | **Total Tax Revenues** | | **18654000** | **19840000** |
| | **Fees and User Charges - 140** | | | |
| 4 | 1401199 Other Licensing Fees | മറ്റ് ലൈസൻസിംഗ് ഫീസ് | 1550000 | 1600000 |
| 5 | 1401203 Permit Application fee | പെർമിറ്റ് അപേക്ഷാ ഫീസ് | 4100000 | 4100000 |
| 6 | 1401399 Fees for Other Certificates or Extracts | മറ്റ് സർട്ടിഫിക്കറ്റുകൾക്കോ എക്സ്ട്രാക്റ്റുകൾക്കോ ഉള്ള ഫീസ് | 17500 | 17500 |
| 7 | 1402003 Other Penalities and Fines | മറ്റ് ശിക്ഷകളും പിഴകളും | 500000 | 500000 |
| 8 | 1402005 Fine for Dumping Waste | മാലിന്യം തള്ളിയാൽ പിഴ | 0 | 300000 |
| 9 | 1404099 Other Fees | മറ്റു ഫീസുകൾ | 500000 | 550000 |
| 10 | 1408001 Other Charges | മറ്റ് ചാർജുകൾ | 25000 | 26250 |
| | **Total Fees and User Charges** | ആകെ ഫീസും ഉപയോക്തൃ നിരക്കുകളും | **6692500** | **7093750** |
| | **Sale and Hire Charges - 150** | | | |
| 11 | 1501101 Receipts from Sale of Forms | ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവുകൾ | 200000 | 210000 |

| | | | | |
|---|---|---|---|---|
| 12 | 1501201 Receipts from Sale of Stores | സ്റ്റോറുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവുകൾ | 250000 | 250000 |
| 13 | 1503001 Receipts from Miscellaneous Sales | പലവക വിൽപ്പനയിൽ നിന്നുള്ള വരവുകൾ | 152500 | 152500 |
| | **Total Sale and Hire Charges** | മൊത്തം വിൽപ്പന, വാടക നിരക്കുകൾ | **602500** | **612500** |
| | **Revenue Grants, Contributions and Subsidies - 160** | റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ - 160 | | |
| 14 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | കർഷകത്തൊഴിലാളികൾ/ തൊഴിലാളികൾക്കുള്ള പെൻഷൻ | 0 | 6500000 |
| 15 | 1601012 Fund for Transferred Functions/ Schemes - Widow Pension | വിധവാ പെൻഷൻ | 0 | 16000000 |
| 16 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 850000 |
| 17 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 0 | 7300000 |
| 18 | 1601018 Fund for Transferred Functions/ Schemes - Old Age Pension | വാർദ്ധക്യ പെൻഷൻ | 0 | 60000000 |
| 19 | 1601023 General Purpose Fund | ജനറൽ പർപ്പസ് ഫണ്ട് | 17955000 | 23221000 |

| | | | | |
|---|---|---|---|---|
| 20 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | സ്ത്രീ സുരക്ഷാ പദ്ധതി | 0 | 18000000 |
| | **Total Revenue Grants, Contributions and Subsidies** | ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ | **17955000** | **131871000** |
| | **Interest Earned - 171** | പലിശ | | |
| 21 | 1711001 Interest from Bank Accounts | ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ | 700000 | 750000 |
| | **Total Interest Earned** | **മൊത്തം പലിശ** | **700000** | **750000** |
| | **Rental Income - LB Properties - 130** | **പഞ്ചായത്തിന്റെ വാടക വരുമാനം** | | |
| 22 | 1301009 Rent from Auditorium and Halls | ഓഡിറ്റോറിയത്തിൽ നിന്നും ഹാളുകളിൽ നിന്നുമുള്ള വാടക | 17500 | 20000 |
| 23 | 1302003 Rent from Buildings | കെട്ടിടങ്ങളുടെ വാടക | 2400000 | 2500000 |
| | **Total Rental Income** | **മൊത്തം വാടക വരുമാനം** | **2417500** | **2520000** |
| | **Total Revenue Receipt** | മൊത്തം റവന്യൂ വരവ് | **47021500** | **162687250** |
| | Capital Receipt - 2 | മൂലധന വരവ് | | |

| | | | | |
|---|---|---|---|---|
| | Grants, Contribution for Specific Purposes - 320 | പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള ഗ്രാന്റുകൾ, സംഭാവന | | |
| 24 | 3201004 Central Finance Commission Grant - Tied | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 16846028 | 7000000 |
| 25 | 3201005 Central Finance Commission Grant - Untied | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് | 6573916 | 5500000 |
| 26 | 3201020 Integrated Child Development Service | സംയോജിത ശിശു വികസന സേവനം | 2500000 | 2550000 |
| 27 | 3201027 Swaccha Bharat Mission - Grameen | സ്വച്ഛ ഭാരത് മിഷൻ - ഗ്രാമീണ് | 210000 | 2200000 |
| 28 | 3201028 Swaccha Bharat Mission - Used Water Management | സ്വച്ഛ ഭാരത് മിഷൻ - ജല മാനേജ്മെൻ്റ് | 1920000 | 2000000 |
| 29 | 3201029 Swaccha Bharat Mission - Solid Waste Management | സ്വച്ഛ ഭാരത് മിഷൻ - ഖരമാലിന്യ സംസ്കരണം | 1383400 | 1400000 |
| 30 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജിഎൻആർഇജിഎസ്) | 85000000 | 90000000 |
| 31 | 3202001 Development Fund - General | വികസന ഫണ്ട് - ജനറൽ | 27481483 | 34500000 |
| 32 | 3202002 Development Fund - Special Component Plan | വികസന ഫണ്ട് - പ്രത്യേക ഘടക പദ്ധതി | 6121253 | 5234000 |
| 33 | 3202003 Development Fund - Tribal Sub-Plan | വികസന ഫണ്ട് - എസ്.റ്റി ഉപപദ്ധതി | 0 | 457000 |

| | | | | |
|---|---|---|---|---|
| 34 | 3202009 Maintenance Fund - Road Assets | മെയിന്റനൻസ് ഫണ്ട് - റോഡ് ആസ്തികൾ | 28961600 | 27390000 |
| 35 | 3202010 Maintenance Fund - Non-Road Assets | മെയിന്റനൻസ് ഫണ്ട് - റോഡ് ഇതര ആസ്തികൾ | 9498000 | 9592000 |
| 36 | 3207002 Contribution - other Funds | സംഭാവന - മറ്റ് ഫണ്ടുകൾ | 5000 | 5000 |
| 37 | 3208010 Beneficiary Contribution | ഗുണഭോക്തൃവിഹിതം | 3293400 | 3400000 |
| 38 | 3209001 Contribution to Joint Venture Projects from District Panchayat | ജില്ലാ പഞ്ചായത്തിൽ നിന്നുള്ള സംയുക്ത സംരംഭ പദ്ധതികളിലേക്കുള്ള വിഹിതം | 8908080 | 5000000 |
| 39 | 3209002 Contribution to Joint Venture Projects from Block Panchayat | ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള സംയുക്ത സംരംഭ പദ്ധതികളിലേക്കുള്ള വിഹിതം | 8672120 | 5400000 |
| | **Total Grants, Contribution for Specific Purposes** | ആകെ ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള വിഹിതം | **207374280** | **201628000** |
| | Secured Loans - 330 | സുരക്ഷിത വായ്പകൾ - 330 | | |
| 40 | 3305004 Loan from HUDCO | ഹഡ്കോ വായ്പകൾ | 0 | 40000000 |
| | **Total Secured Loans** | ആകെ സുരക്ഷിത വായ്പകൾ | **0** | **40000000** |
| | Redemption - 431 | | | |

| | | | | |
|---|---|---|---|---|
| 41 | 4315002 Receivables from Government (redemption amount) | സർക്കാരിൽ നിന്ന് ലഭിക്കേണ്ടവ (വീണ്ടെടുക്കൽ തുക) | 31253220 | 0 |
| | **Total Redemption** | മൊത്തം വീണ്ടെടുക്കൽ | **31253220** | **0** |
| | Loans, Advances and Deposits - 460 | വായ്പകൾ, അഡ്വാൻസുകൾ, നിക്ഷേപങ്ങൾ - 460 | | |
| 42 | 4601001 Festival Advance to Employees | ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് | 125000 | 300000 |
| | **Total Loans, Advances and Deposits** | ആകെ വായ്പകൾ, അഡ്വാൻസുകൾ, നിക്ഷേപങ്ങൾ | **125000** | **300000** |
| | **Total Capital Receipt** | മൊത്തം മൂലധന വരവ് | **238752500** | **241928000** |
| | **Revenue Expenditure - 3** | റവന്യൂ ചെലവ് - 3 | | |
| | **Establishment Expenses - 210** | | | |
| 43 | 2101001 Salaries -Secretary | സെക്രട്ടറിയുടെ സമ്പളം | 1100000 | 2000000 |
| 44 | 2101003 Salaries - Permanent Staff | സ്ഥിരം ജീവനക്കാരുടെ ശമ്പളം | 11000000 | 18000000 |
| 45 | 2101004 Salaries - Contract Staff | കരാർ ജീവനക്കാരുടെ ശമ്പളം | 1068285 | 1000000 |
| 46 | 2101005 Salaries - Temporary Staff | താൽക്കാലിക ജീവനക്കാരുടെ ശമ്പളം | 163640 | 0 |

| | | | | |
|---|---|---|---|---|
| 47 | 2101007 Salaries - Part time Contingent Staff | ശമ്പളം - പാർട്ട് ടൈം കണ്ടിജന്റ് സ്റ്റാഫ് | 800000 | 850000 |
| 48 | 2101101 Wages | വേതനം | 1900000 | 2000000 |
| 49 | 2101201 Bonus | ബോണസ് | 50000 | 50000 |
| 50 | 2101401 Honourarium | ഓണറേറിയം | 2200000 | 4500000 |
| 51 | 2102003 Travelling Allowances - Permanent Staff | യാത്രാ അലവൻസുകൾ - സ്ഥിരം ജീവനക്കാർ | 315000 | 350000 |
| 52 | 2102014 Monthly Honorarium and Sitting Allowance - Councillors/ Members | പ്രതിമാസ ഓണറേറിയവും സിറ്റിംഗ് അലവൻസും - മെമ്പേഴ്സ് | 477150 | 1000000 |
| 53 | 2102016 Other Benefits and Allowances | മറ്റ് ആനുകൂല്യങ്ങളും അലവൻസുകളും | 300000 | 315000 |
| 54 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | യാത്രാ ചെലവ് മെമ്പേഴ്സ് | 175000 | 200000 |
| 55 | 2103006 Employer's Contribution to NPS - Regular Employees | എൻപിഎസിലേക്കുള്ള തൊഴിലുടമയുടെ സംഭാവന - സ്ഥിരം ജീവനക്കാർ | 0 | 600000 |
| 56 | 2103007 Pension Contribution | പെൻഷൻ സംഭാവന | 1000000 | 1500000 |
| 57 | 2104001 Terminal Leave Surrender | ടെർമിനൽ ലീവ് സറണ്ടർ | 100000 | 300000 |

| | | | | |
|---|---|---|---|---|
| | **Total Establishment Expenses** | മൊത്തം എസ്റ്റാബ്ലിഷ്മെൻ്റ് ചെലവുകൾ | **20649075** | **32665000** |
| | **Administrative Expenses - 220** | | | |
| 58 | 2201001 Rent of Buildings | കെട്ടിടങ്ങളുടെ വാടക | 85000 | 85000 |
| 59 | 2201101 Office Electricity Expenses | ഓഫീസ് വൈദ്യുതി ചെലവുകൾ | 800000 | 840000 |
| 60 | 2201199 Other Office Maintenance Expenses | മറ്റ് ഓഫീസ് പരിപാലന ചെലവുകൾ | 650000 | 680000 |
| 61 | 2201299 Miscellaneous Communication Expenses | വിവിധ ആശയവിനിമയ ചെലവുകൾ | 100000 | 110000 |
| 62 | 2202001 Books & Periodicals | പുസ്തകങ്ങളും ആനുകാലികങ്ങളും | 15000 | 15000 |
| 63 | 2202101 Printing & Stationery | പ്രിൻ്റിംഗ് & സ്റ്റേഷനറി | 550000 | 70000 |
| 64 | 2204001 Insurance | ഇൻഷുറൻസ് | 83530 | 85000 |
| 65 | 2205101 Miscellaneous Legal Expenses | വിവിധ നിയമപരമായ ചെലവുകൾ | 150000 | 150000 |
| 66 | 2205201 Professional & Other Fees | പ്രൊഫഷണലും മറ്റ് ഫീസുകളും | 25000 | 25000 |
| 67 | 2206101 Membership & Subscriptions | അംഗത്വവും സബ്സ്ക്രിപ്ഷനുകളും | 25000 | 25000 |

| | | | | |
|---|---|---|---|---|
| 68 | 2208099 Miscellaneous Administration Expenses | വിവിധ ഭരണ ചെലവുകൾ | 2800000 | 3500000 |
| 69 | 2302001 Water Charges - Street Tap | വാട്ടർ ചാർജുകൾ - സ്ട്രീറ്റ് ടാപ്പ് | 0 | 2000000 |
| | **Total Administrative Expenses** | മൊത്തം ഭരണ ചെലവുകൾ | **5283530** | **7585000** |
| | **Operation and Maintenance - 230** | | | |
| 70 | 2301002 Fuel Charges | ഇന്ധന ചിലവ് | 650000 | 700000 |
| 71 | 2304001 Vehicle Hire Charges | വാഹന വാടക | 350000 | 350000 |
| 72 | 2308010 Extra - ordinary Expenses | അധിക - സാധാരണ ചെലവുകൾ | 1900000 | 1000000 |
| | **Total Operation and Maintenance** | മൊത്തം പ്രവർത്തനവും പരിപാലനവും | **2900000** | **2050000** |
| | **Programe Expenses - 250** | | | |
| 73 | 2501001 Election Expenses | ഇലക്ഷൻ ചിലവുകൾ | 800000 | 200000 |
| 74 | 2502001 Expenditure on Poverty Eradication Program | ദാരിദ്ര്യ നിർമാർജന പരിപാടിക്കുള്ള ചെലവ് | 85000000 | 90000000 |
| | **Total Programe Expenses** | ആകെ പ്രോഗ്രാം ചെലവുകൾ | **85800000** | **90200000** |

| | | | | |
|---|---|---|---|---|
| | **Expenses Related to Productive Sector - 251** | | | |
| 75 | 2521904 Toilet (Individual) | ടോയിലറ്റ് (വ്യക്തിഗതം) | 240000 | 2200000 |
| 76 | 2522310 Solid Waste Management - Disposal | ഖരമാലിന്യ സംസ്കരണം - നിർമാർജനം | 924300 | 1400000 |
| | **Total Expenses Related to Service Sector** | സേവന മേഖലയുമായി ബന്ധപ്പെട്ട ആകെ ചെലവുകൾ | **8608498** | **3600000** |
| | **Expenses Related to Infrastructure Sector - 253** | | | |
| | **Expenses related to State Sponsored Schemes - 254** | | | |
| 77 | 2540102 Grant in aid to voluntary organisations/ institutions running homes for Differentially Abled person | ഭിന്നശേഷിക്കാർക്കായി വീടുകൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കോ സ്ഥാപനങ്ങൾക്കോ ധനസഹായം നൽകുക. | 0 | 7300000 |
| 78 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ/ പദ്ധതികളുടെ പരിപാടികൾ/ ചെലവുകൾ - കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ/ തൊഴിലാളി പെൻഷൻ | 0 | 6500000 |
| 79 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | വിധവാ പെൻഷൻ - പരിപാടികൾ/ കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ/ പദ്ധതികളുടെ ചെലവുകൾ | 0 | 16000000 |

| | | | | |
|---|---|---|---|---|
| 80 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ - പരിപാടികൾ/ കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ/ പദ്ധതികളുടെ ചെലവുകൾ | 0 | 850000 |
| 81 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | വാർദ്ധക്യകാല പെൻഷൻ - പരിപാടികൾ/ കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ/ പദ്ധതികളുടെ ചെലവുകൾ | 0 | 60000000 |
| 82 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | സ്ത്രീ സുരക്ഷാ പദ്ധതി - പരിപാടികൾ/ കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ/ പദ്ധതികളുടെ ചെലവുകൾ | 0 | 18000000 |
| | Total Expenses related to State Sponsored Schemes | | 0 | 108650000 |
| | **Total Revenue Expenditure** | ആകെ റവന്യൂ ചെലവ് | **266350570** | **244750000** |
| | Capital Expenditure - 4 | | | |
| | Repayment of Secured Loans - 330 | | | |
| 83 | 3305004 Loan from HUDCO | ഹഡ്കോയിൽ നിന്നുള്ള വായ്പ | 0 | 40000000 |
| | **Total Repayment of Secured Loans** | സുരക്ഷിത വായ്പകളുടെ ആകെ തിരിച്ചടവ് | **0** | **40000000** |

| | | | | |
|---|---|---|---|---|
| | Refund of Deposits - 340 | | | |
| 84 | 3402006 Election Deposit(Candidate) | തിരഞ്ഞെടുപ്പ് നിക്ഷേപം (സ്ഥാനാർത്ഥി) | 0 | 100000 |
| | **Total Refund of Deposits** | നിക്ഷേപങ്ങളുടെ ആകെ റീഫണ്ട് | **0** | **100000** |
| | Payment of Recoveries - 350 | | | |
| 85 | 3501301 Employers Liabilities - Pension Contribution (NPS) | തൊഴിലുടമ ബാധ്യതകൾ - പെൻഷൻ സംഭാവന (NPS) | 0 | 600000 |
| | Total Payment of Recoveries | വീണ്ടെടുക്കലുകളുടെ ആകെ പേയ്മെന്റ് | 1623768 | 600000 |
| | Fixed Assets - 410 | | | |
| | Loans, Advances and Deposits - 460 | | | |
| 86 | 4605005 Advance to Mahatma Gandhi NREGS/ AUEGS | മഹാത്മാഗാന്ധി NREGS/ AUEGS ലേക്കുള്ള അഡ്വാൻസ് | 3000000 | 3500000 |
| | Total Loans, Advances and Deposits | ആകെ വായ്പകൾ, അഡ്വാൻസുകൾ, നിക്ഷേപങ്ങൾ | 3000000 | 3500000 |
| | **Total Capital Expenditure** | മൊത്തം മൂലധന ചെലവ് | **61135629** | **44200000** |
| | **Total Expenditure** | ആകെ ചെലവ് | **312542965** | **390433383** |

| | | | | |
|---|---|---|---|---|
| | **Total Receipts** | ആകെ രസീതുകൾ | **320014582** | **404615250** |
| | **Balance** | ബാലൻസ് | **7471617** | **14181867** |